തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ ആവശ്യമായ ഭേദഗതിയോടെ അംഗീകരിക്കുന്നതാണോ പുതുതായി കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി വിശാലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണോ അഭികാമ്യമെന്ന് നഗരസഭയുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

(12) വണ്ടൂർ മദ്യദുരന്ത അന്വേഷണം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ 2010 സെപ്തംബർ ആറാം തീയതിയാണ് കേരളത്തെ മുഴുവൻ നടുക്കിയ വ്യാജ മദ്യദുരന്തം മലപ്പുറം ജില്ലയിൽ കുറ്റിപ്പുറത്തും വണ്ടൂരിലും ഉണ്ടായത്. ഏതാണ്ട് 25 ആളുകളാണ് ആ ദുരന്തത്തിൽ മരണപ്പെട്ടത്. കുറ്റിപ്പുറം ദുരന്തവും വണ്ടൂർ ദുരന്തവും പ്രത്യേക അന്വേഷണ സംഘങ്ങളാണ് അന്വേഷണം നടത്തിയത്. കുറ്റിപ്പുറത്ത് അന്വേഷണം നടത്തി പൂർത്തികരിച്ച് റിപ്പോർട്ട് കൊടുത്തിട്ട് ഏതാനും ആഴ്ചകൾ കഴിഞ്ഞു. വണ്ടൂരിൽ സെപ്തംബർ ആറാം തീയതി കഴിഞ്ഞ് ആറുമാസം പിന്നിട്ടിട്ടും ഇതുവരെ ഇതുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് മാത്രമല്ല, ഈ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻ, ഡിവൈ.എസ്.പി.യാണ്. അന്വേഷണത്തിന്റെ അവസാന ഘട്ടത്തിലാണ് കാര്യങ്ങൾ പോകുന്നത്. ഏതാനും പ്രതികളെക്കൂടി പിടിക്കാനുണ്ടെന്ന് പറഞ്ഞ് ഏതാനും ദിവസങ്ങൾ കഴിയുന്നതിന് മുമ്പുതന്നെ അദ്ദേഹത്തെ സ്ഥലംമാറ്റിയതായിട്ടാണ് കാണുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. പല പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. അതുപോലെ തന്നെ മലപ്പുറം മദ്യദുരന്ത കേസ്സിലും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയത് വ്യാജമദ്യ ലോബിക്കുവേണ്ടിയാണ് എന്നുള്ള വാർത്തകൾ ഉൾപ്പെടെ വന്നിട്ടുണ്ട്. ഇത്രയും പ്രധാനപ്പെട്ട ഒരു അന്വേഷണം നടക്കുന്നതിനിടയിൽ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയത് യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിക്കുന്നതായി പൊതുസമൂഹത്തിന് ഒരു ധാരണ വന്നിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് സംഭവം നടന്ന് ഏതാണ്ട് ആറുമാസക്കാലം കഴിഞ്ഞിട്ടും പ്രതികളെ പിടിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിലും അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതുമൂലം ഇനിയും അന്വേഷണം നീണ്ടുപോകുന്നത് ഒഴിവാക്കി യഥാർത്ഥ പ്രതികളെ പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കുറ്റിപ്പുറത്തുണ്ടായ മദ്യദുരന്തവുമായി ബന്ധപ്പെട്ട് വിവിധ പോലീസ് സ്റ്റേഷനുകളിലായി 24 കേസ്സുകളാണ് രജിസ്റ്റർ ചെയ്തത്. ഈ കേസ്സുകളെല്ലാം ഇപ്പോൾ ക്രൈം ബ്രാഞ്ചാണ് അന്വേഷിച്ച് കൊണ്ടിരിക്കുന്നത്. അതിൽ ബഹുമാനപ്പെട്ട അംഗം എ. പി. അനിൽകുമാർ പറഞ്ഞിട്ടുള്ള ക്രൈം ബ്രാഞ്ച് വയനാട് യൂണിറ്റിലെ ഡിവൈ.എസ്.പി., വി. ജി. കുഞ്ഞൻ പത്ത് കേസ്സുകളാണ് അന്വേഷിച്ചത്. അന്വേഷണവുമായി ബന്ധപ്പെട്ട് 12 സ്ഥലങ്ങളിൽ റെയ്ഡ് നടത്തുകയും 17 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കുഞ്ഞനെ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിലയിൽ ഇപ്പോൾ താമരശ്ശേരി (ലോക്കൽ)-ലേക്ക് മാറ്റിയിട്ടുണ്ട്. പക്ഷേ അദ്ദേഹത്തെ ഇൻവെസ്റ്റിഗേഷൻ ടീമിൽനിന്ന് മാറ്റിയിട്ടില്ല. ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. എന്നുള്ള നിലയിൽ അദ്ദേഹം നടത്തിവന്നിരുന്ന ഈ കേസ്സിന്റെ ചുമതല അദ്ദേഹത്തിനുതന്നെ കൊടുത്തുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കേസ് അന്വേഷണത്തെയൊന്നും സ്ഥലമാറ്റം ബാധിക്കുന്നതല്ല. പല കേസ്സും അന്വേഷിച്ചുവരുന്ന ഉദ്യോഗസ്ഥർമാരെ അങ്ങോട്ടുമിങ്ങോട്ടും മാറ്റേണ്ടതായിവരും. അങ്ങനെ മാറ്റുമ്പോൾ ഏതെങ്കിലും പ്രത്യേക പ്രാധാന്യമുള്ള കേസ്സാണെങ്കിൽ അത് അന്വേഷിക്കാൻ അവരെത്തന്നെ ചുമതലപ്പെടുത്താറുണ്ട്. ഈ കേസ്സും അങ്ങനെ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗം പൂർത്തീകരിക്കുവാൻ ഉദ്യോഗസ്ഥർമാർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(13) ഹൈവേ പട്രോളിംഗ്

ശ്രീ. കെ. കെ. ഷാജു: സർ, കെ.പി. റോഡിൽ ഹൈവേ പട്രോളിംഗ് ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സംസ്ഥാനത്ത് ഏറെ പ്രാധാന്യമുള്ള പാതയാണ് കായംകുളം-പുനലൂർ റോഡ്. മലയോര മേഖലയെ തീരദേശവുമായി ബന്ധിപ്പിക്കുന്ന അതിപ്രധാനമായിട്ടുള്ള ഒരു പാതയാണ്. പുനലൂർ, പത്തനാപുരം, അടൂർ, പന്തളം, മാവേലിക്കര, കായംകുളം എന്നീ ആറ് നിയോജക മണ്ഡലങ്ങളിലൂടെയാണ് ഇത് കടന്നുപോകുന്നത്. ഇന്ന് യഥാർത്ഥത്തിൽ ഈ കെ.പി. റോഡ് ഒരു മരണക്കെണിയായി മാറിയിരിക്കുകയാണ്. കഴിഞ്ഞ രണ്ടാഴ്ചക്കിടയിൽ 15 ജീവിതങ്ങളാണ് അവിടെ പൊലിഞ്ഞുവീണത്. കൂടുതലും വാഹനാപകടങ്ങളാണ്. കണ്ടെയ്നർ ലോറികളും അതുപോലെ ഡീസൽ, പെട്രോൾ ടാങ്കറുകളും ഇടതടവില്ലാതെ ഓടിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനേക്കാൾ തിരക്കേറിയ റോഡാണ് കെ.പി. റോഡ്. ഇപ്പോഴാണെങ്കിൽ കെ.എസ്.ടി.പി. ആധുനികരൂപത്തിൽ പുനർനിർമ്മിച്ചതിനുശേഷം വാഹനങ്ങളുടെ സ്പീഡും വർദ്ധിച്ചിട്ടുണ്ട്. ഓരോ ദിവസവുമുണ്ടാകുന്ന പോലീസ് കേസ്സുകൾ പരിശോധിച്ചാൽതന്നെ അത് വ്യക്തമാകും. അതുകൊണ്ട് കെ.പി. റോഡിൽ അടിയന്തരമായി ഒരു ഹൈവേ പട്രോളിംഗ് സിസ്റ്റം ആരംഭിക്കുവാനും അത് നന്നായി മുന്നോട്ടുകൊണ്ടു പോകാനും ആവശ്യമായ ഉദാരമായ ഒരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. കെ. ഷാജു പറഞ്ഞിട്ടുള്ള ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.പി. റോഡ് ഒരു പ്രധാനപ്പെട്ട റോഡാണ്. അവിടത്തെ ട്രാഫിക് അപകടം കുറയ്ക്കുന്നതിനും അപകടമുണ്ടായാൽ പെട്ടെന്ന് പോലീസ് സഹായം ലഭ്യമാക്കുന്നതിനും മറ്റ് കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി കായംകുളം-പുനലൂർ റോഡിൽ ഹൈവേ പോലീസിനെ നിയമിക്കണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. കായംകുളം പോലീസ്

LIBRARY ARCHIVES Kerala Legislative Assembly